
# അക്ഷര




# ശലഭങ്ങൾ





# T.M.G.H.S.S Peringanadu




# കുട്ടിക്കൂട്ടായ്മ






Kerala Infrastructure and Technology for Education
little KITEs
ലിറ്റിൽ കൈറ്റ്സ്
ഐ.ടി. ക്ലബ്
നമ്പർ: LK/2018/38088
റ്റി.എം.ജി.എച്ച്.എസ്.എസ്, പെരിങ്ങനാട്
04734 230921


തൃച്ചേന്ദമംഗലം
പെരിങ്ങനാട്
ലിറ്റിൽ കൈറ്റ്സ്
ഐ.ടി. ക്ലബ്


KITE


പത്തനംതിട്ട ജില്ലാ പഞ്ചായത്ത്
തൃച്ചേന്ദമംഗലം
ഗവ: ഹയർ സെക്കണ്ടറി സ്കൂൾ (എച്ച്.എസ്സ്. വിഭാഗം)
പെരിങ്ങനാട്.


ART BY
ADITHYAN.S
X B


അശ്വതി. എസ്

# തകരുന്ന ചിന്തകൾ

അലറി കിതച്ചെത്തുന്നെൻ തിരമാല
തച്ചുടെയ്ക്കുന്നെൻ്റെ ജീതിതം
അലയാതെ പൊഴിയാതെ സൂക്ഷിച്ച മനസ്സിൻ്റെ
എകാന്തത പർണ്ണാശ്രമത്തിലിരുന്നു ഞാൻ
ചാകാത്ത സ്വപ്നങ്ങൾ എത്രയോ തീർത്തുപോയി
കഷ്ടമവയൊക്കെ തട്ടിതകർത്തിട്ട്
കൈകൊട്ടിയാർത്തു ചിരിക്കുന്ന കാലവും
വഞ്ചനയുള്ളിലൊതുക്കിയിട്ടുന്നായി
ന്നമ്മാനമാടി തിമിർക്കുന്ന ലോകവും
എല്ലാമിന്നെൻ്റെ മാനസ്സവിണയി
ലൊരു രാഗമായുണർന്നു വരുകെവെ
ആരെ തിരഞ്ഞു ഞാൻ ആരെ തിരക്കി ഞാൻ
ഈ നദി തിരഞ്ഞു കാത്തിരിപ്പു

രചന,

ഷിജു ഷങ്കർ

# മായുന്ന നദികൾ

ദൂരെനിന്നെത്തുന്ന കുയിലിന്റെ പാട്ടിന്റെ
മധുരിമയെങ്ങുണ മാഞ്ഞുപ്പോയി?
വീശിയടിക്കുന്ന കാററിന്റെ മന്ദമാം
തലോടലുകളെങ്ങു മാഞ്ഞുപ്പോയി?
തീരത്തെത്തുമ്പോൾ കേട്ടിരുന്ന
കളകള നാദങ്ങളെങ്ങുപ്പോയി?

വററി വരണ്ട ഈ തീരത്തിലെങ്ങാനും
കല്ലോലങ്ങളുണ്ടാക്കുന്ന
ഓർമ്മകളോടുന്ന പുഴതൻ പുളിനങ്ങളിൽ
ഇപ്പോൾ ജീവന്റെ ദീർഘനിശ്വസമില്ലാതായ്

തുഞ്ചനും കുഞ്ചനും പാടിയുണർത്തിയ
ആ പഴം പാട്ടുകൾ വെറും ഓർമ്മയായി
മലവെട്ടി മരംവെട്ടി പുഴകോരി ഭൂമിയെ
കൊല്ലുന്നതാർക്കുവേണ്ടി നീ മർത്ത്യാ?

വെടിച്ച മണ്ണും പാറക്കെട്ടുകളും
കാണുന്നുണ്ടിപ്പോൾ "നിളാ"നദിയിൽ
കുണ്ടുകളും കുഴികളും ഒരിററ് വെള്ളവും
അവശേഷിക്കുന്നുണ്ടീ പെരിയാറിൽ

കവിതകൾ മരിക്കുന്നു,കവിഭാവന മരിക്കുന്നു
ഈ നദിയും മരിക്കുന്നു നാൾക്കുനാൾ
എന്നും വരും ആ സുദിനം നമ്മുടെ
പുതുതലമുറ നദികാണുന്ന ദിനം

# നിശ്ചലമായകാഴ്ച



മണ്ണിൻെറ ഉള്ളിലെ അമ്മയാം ദേവിയെ
കാണുന്നനിന്ന്ഞാൻ അങ്ങ് നിന്ന്
കണ്ണീർ ഒഴുകുന്ന പുഴയൊന്ന് വറ്റിയാൽ
പിടയുന്ന ഞങ്ങൾ അമ്മയെ നോക്കി
പിളയുന്ന വേദന അറിയുന്ന നിശ്ചല
മായൊരുകാഴ്ച കൺകളാൽനോക്കി
ഭ്രമിയാം അമ്മയെ കൊല്ലുമീമക്കൾ
ഉരുകുന്ന ഭ്രമിതൻപകുതിയായി
മാറുന്നമക്കളെ നോക്കി അമ്മതന്
കണ്ണുനീറ് വീഴ്ത്തീടുന്നു
ഇനിയുമീ നിശ്ചലകാഴ്ചകൾ വറ് ദിക്കു
അമ്മതൻ പിടയുന്നമനസ്സുപോലെ

# അമ്മ തൻ മധുരം

അമ്മ തൻ മധുരം നുകരാൻ
ഒരു കുഞ്ഞു തൻ പിറന്നു
മുലപ്പാലിൻ മധു നുകരാൻ
സ്നേഹത്തിൻ കിളി കൂട്ടുതൻ അമ്മ

മൃതിയിൽ ആദ്യമായ് ഹൃദയത്തിൽ
വിടരുന്നോരമ്മ
കഥ പറയാൻ  കൂട്ടു കൂട്ടാൻ ഒരമ്മ
അമ്മ ഇല്ലാതെ ഒരുനിമിഷം ഇല്ല

എല്ലാം എല്ലാം അമ്മ പൊന്നിൻ
തേൻ കനി കൊണ്ട് ഒരമ്മ
അമ്മ കൂടാതൊരു നിമിഷം പോലും
ഇല്ല ഇനി ജീവിതത്തിൽ

ജീവിതം സഫലമാകണമെങ്കിൽ അമ്മ
നമ്മളെ നെഞ്ചോടു ചേർത്തണയ്ക്കാൻ അമ്മ
സങ്കടം പറയാൻ സന്തോഷം പറയാൻ
അമ്മ കാത്തിരുന്ന് നമ്മളെ കാക്കുന്നു

രചന,

റിൻസി മാത്യു



## അമ്മയാം പ്രകൃതി

ഒരു ചെറു ചില്ലയിൽ കൂടൊരുക്കാം നമുക്കമ്മെയാം
പ്രകൃതിക്കു വേണ്ടി, പച്ചനിറഞ്ഞ പ്രകൃതിയാം
അമ്മയെ വന്ദിച്ചു വന്ദിച്ചു നിൽക്കാം
പലവർണ്ണമേന്തുന്ന കിളികൾ പറന്നീടും
നീലാകാശത്തിൻ താഴെ

പച്ചനിറഞ്ഞ വനത്തിൽ  കഴിയുന്ന പലവർണ്ണ
മുള്ള മൃഗങ്ങൾ
ചെടികളും കിളികളും തിങ്ങിനിറയുന്ന സൗന്ദര്യം
ഉള്ള പ്രകൃതി

പൂക്കളാൽ ശബളാഭമായ പ്രകൃതി
നമ്മുടെ അമ്മയാം പ്രകൃതി
നമ്മുടെ അമ്മയാം പ്രകൃതി
നമ്മുടെ അമ്മയാം പ്രകൃതി


രചിച്ചത്,
അതുല്യ.എസ്.കുമാർ

**<u>പ്രളയത്തിൻെ്റ കൈയൊപ്പ്</u>**

കേരള മക്കൾ സാക്ഷ്യം വഹിച്ച ഏറ്റവും ഭയാനകമായ പ്രളയമാണ് കഴിഞ്ഞവർഷം നാം കണ്ടത്.എന്താണ്
ഇതിന് നിദാനമെന്ന് നാം ചിന്തിക്കേണ്ടതുണ്ട്.പ്രളയം
ഒരു പ്രഹേളികയായി മാറിയപ്പോൾ തകർത്തെറിയപ്പെട്ട എത്രയെത്ര
ജീവിതസ്വപ്നങ്ങൾ!വിങ്ങിപ്പൊട്ടുന്ന ഹൃദയവും തകർന്നമനസ്സുമായി ഒന്നുറക്കെ
കരയാൻപോലും കഴിയാതെ
പുഞ്ചിരി എന്ന മൂന്നക്ഷരം എന്നെന്നേയ്ക്കുമായി തുടച്ചുമാറ്റി
നിശിഥിനിയുടെ നിശബ്ദതയിൽ കാലം കൈകെട്ടിമയങ്ങുമ്പോൾ
ഒരലമുറ.



# നമുക്കുംമാറാം ഗ്രാഫിക്സ് ലോകത്തോടൊപ്പം



# നന്ദി

